# സത്യമല്ലല്ലോ തിണ്ണമിടുക്കല്ലേ വലുത്?

**ഹേമന്ത്** കർക്കരെയെ കൊല്ലുന്നതിന് വേണ്ടി ആസൂത്രണം ചെയ്യപ്പെട്ടതായിരുന്നു മുംബൈ ഭീകരാക്രമണമെന്ന് ഏറ്റവുമൊടുവിൽ ഒരാളെങ്കിലും തുറന്നു പറഞ്ഞു. പാകിസ്താനിൽ നിന്നെത്തിയ ഭീകരർ നഗരത്തിൽ ഉണ്ടായിരുന്നുവെങ്കിൽ കൂടി എണ്ണമറ്റ 'ദേശീ'യ ഭീകരരും അവരോടൊപ്പം അഴിഞ്ഞാടാൻ എത്തിയിരുന്നുവത്രെ. മഹാരാഷ്ട്രയിലെ മുൻ പോലിസ് ഐ.ജി എസ്.എം. മുസിരിഫ് പുറത്തിറക്കിയ പുസ്തകത്തിലുള്ള ഈ വിവരങ്ങളിൽ ചിലതെങ്കിലും അമ്പരപ്പിക്കുന്നവയാണ്. അമീർ കസബിനെ ഇന്ത്യ 2006ൽ നേപ്പാളിൽ നിന്നും പിടികൂടിയതാണെന്നും ഈ വിഡ്ഢിയെ കൊണ്ട് പോലിസ് കുരങ്ങുകളിപ്പിച്ചതിന്റെ ഭാഗമാണ് അയാളുടെ കുമ്പസാര നാടകമെന്നും മാധ്യമങ്ങൾ നേരത്തെ ചൂണ്ടിക്കാട്ടിയിരുന്നു. പക്ഷേ പോലിസിന്റെ അകത്തുനിന്ന് ആരെങ്കിലും പറയുമ്പോഴായിരുന്നു ഈ ആരോപണങ്ങളിൽ കഴമ്പുണ്ടാവുക. പോലിസിലും ഇന്റലിജൻസിലും സംഘ്പരിവാറിന്റെ കുടില മനസ്ക്കരാണ് കൂടുതലെന്നും സ്ഫോടനങ്ങൾ ആസൂത്രണം ചെയ്യുന്നതിൽ മാത്രമല്ല നടപ്പാക്കുന്നതിൽ പോലും ഈ കള്ളനാണയങ്ങൾക്ക് പങ്കുണ്ടെന്നും മുസിരിഫ് അടിവരയിടുന്നു. വരുംവരായ്കകൾ എന്തായാലും താനിത് തുറന്നു പറയാൻ പോവുകയാണെന്നും തിരിച്ചടികൾ നേരിട്ടുകൊള്ളാമെന്നുമുള്ള അദ്ദേഹത്തിന്റെ നിലപാടാണ് ശ്രദ്ധേയം.

താജ് ഹോട്ടലിലും ഒബ്റോയി ഹോട്ടലിലും നടന്ന ആക്രമണങ്ങളിൽ മാത്രമാണ് പാകിസ്താനിൽ നിന്നുള്ളവർ പങ്കെടുത്തതെന്നും ഇവരുടെ എണ്ണം ഇപ്പോഴത്തെ കേസ് ഡയറിയിൽ പറയുന്നതു പോലെ പത്തല്ല എട്ടായിരുന്നുവെന്നും പുതിയ വെളിപ്പെടുത്തലിലുണ്ട്. ശേഷിച്ച ആക്രമണങ്ങൾക്കു പിന്നിൽ മറ്റുചില വിദേശികളും നഗരം കേന്ദ്രീകരിച്ച് പ്രവർത്തിച്ച ഹിന്ദുത്വ സംഘങ്ങളുമാണെന്നും മുസിരിഫ് തെളിവുകളുടെ വെളിച്ചത്തിൽ ചൂണ്ടിക്കാട്ടുന്നു. പാകിസ്താനിൽ നിന്നും വന്നവരുടെ എണ്ണം കൂടുതൽ ഉണ്ടായിരുന്നുവെങ്കിൽ അവർ രക്ഷപ്പെട്ടതാണെന്ന് വിശ്വസിക്കുകയെങ്കിലും ചെയ്യാം. പക്ഷെ ഇല്ലാത്ത രണ്ട് പാകിസ്താനികളുടെ ജഡങ്ങൾ കുറ്റാന്വേഷകർ 'തിരിച്ചറിഞ്ഞ' സ്ഥിതിക്ക് മുസിരിഫിന്റെ കണ്ടെത്തൽ ആശയക്കുഴപ്പമുണ്ടാക്കുന്നില്ലേ? പാകിസ്താനികളുടെ പട്ടികയിൽ മറ്റാരെയെങ്കിലും വരവുവെക്കുകയാണോ ചെയ്തത്? കൊല്ലപ്പെട്ട ചില വിദേശ ഭീകരരുടെ ജഡങ്ങൾ പോസ്റ്റ്മോർട്ടം പോലും നടത്താതെ ടൂറിസ്റ്റുകളുടെ കണക്കിൽ പെടുത്തി ഇസ്രയേലിലേക്കും മറ്റും മുംബൈ പോലിസ് അന്ന് വിട്ടുകൊടുത്തിരുന്നു. ഇത്തരം റിപ്പോർട്ടുകൾ പലതും പുറത്തുവന്നിട്ടും പോലിസിന് അപ്രമാദിത്വം ലഭിക്കുന്ന ചിത്രമായിരുന്നു ഈ കേസിൽ ഇന്നോളമുണ്ടായിരുന്നത്. ഇപ്പോഴത്തെ കേസ്ഡയറിയും പ്രതികളിൽ ഒരുത്തന്റെ 'കുമ്പസാര'വും ചവറ്റുകുട്ടയിലിട്ട് പുതിയ അന്വേഷണം നടത്തേണ്ട സമയം

അതിക്രമിച്ചുവെന്നാണ് ഈ പുസ്തകം നമ്മോടു പറയുന്നത്.

ഹേമന്ത് കർക്കരെയുടെ വലയിൽ ചില ഭീമൻ മൽസ്യങ്ങൾ കുടുങ്ങിയെന്ന് വ്യക്തമായതിനെ തുടർന്നാണ് മുംബൈ സംഭവം ധൃതിയിൽ നടപ്പിൽ വരുത്തിയതെന്നും ഒരുപക്ഷേ 2009ലെ പൊതുതെരഞ്ഞെടുപ്പിന് മുന്നോടിയായി സംഘ്പരിവാർ ദുശ്ശക്തികൾ പദ്ധതിയിട്ടതാണ് ഈ ആക്രമണമെന്നും നേരത്തെ സംശയിക്കപ്പെട്ടിരുന്നു. സംഝോത്താ എക്സ്പ്രസിൽ നടന്ന സ്ഫോടനത്തിനു പിന്നിൽ പ്രവർത്തിച്ചതും കേണൽ ശ്രീകാന്ത് പുരോഹിത് ആയിരുന്നെന്നും ജമ്മുവിലെ സൈനിക ഡിപ്പോയിൽ നിന്നും ഇയാൾ കടത്തിയ 60 കിലോ ആർ.ഡി.എക്സ് ഈ ആവശ്യാർഥം ഭഗവാൻ എന്ന ആർ.എസ്.എസ് പ്രവർത്തകന് കൈമാറിയിരുന്നതായും കർക്കരെ കണ്ടെത്തിയിരുന്നു. കേസിലെ വൻമൽസ്യങ്ങളുമായി കൂട്ടിയിണക്കുന്ന ഈ ഭഗവാൻ ആത്മഹത്യ ചെയ്യുകയാണുണ്ടായത്. മുംബൈ സംഭവത്തിൽ ഉൾപ്പെട്ട കുബേർ എന്ന ബോട്ടിന്റെ ഗുജറാത്ത് ബന്ധവും അതിലുപരി സംഭവദിവസങ്ങളിൽ ബോട്ട് ദുരൂഹമായ രീതിയിൽ ദിവസങ്ങളോളം ആഴക്കടലിൽ അപ്രത്യക്ഷമായിരുന്നതുമൊക്കെ കേസിൽ നിർണായകമായ കണ്ടെത്തലുകളായിരുന്നു. ആക്രമണ ദിവസം നേരിട്ട് മുംബൈയിലെത്തിയ മോഡിയുടെ നീക്കങ്ങളിൽ എന്തൊക്കെയോ മറച്ചു പിടിക്കാനുള്ള വ്യഗ്രതയും വായിച്ചെടുക്കാമായിരുന്നു. എന്തായാലും പിന്നീട് ഈവക അന്വേഷണങ്ങളൊക്കെ അസ്തമിക്കുകയാണുണ്ടായത്. തൊഗാഡിയയുടെ പേര് കർക്കരെ എഴുതിവെച്ച കേസ് ഡയറിയിൽ ഉണ്ടായിരുന്നുവെന്നാണ് മുസിരിഫ് ചൂണ്ടിക്കാട്ടുന്നത്. കർക്കരെ വധിക്കപ്പെട്ടതിനു ശേഷം കേസന്വേഷണം ഏറ്റെടുത്ത രഘുവംശിക്ക് 'തൊഗാഡിയ' ആരെന്ന് അറിഞ്ഞുകൂടെന്ന നിലപാടാണ് ഇപ്പോഴുള്ളത്. ഭീകരതയെ നേരിടുന്ന വിഷയത്തിൽ രഘുവംശിക്ക് കേണൽ പുരോഹിത് ക്ലാസ് എടുത്തിരുന്നുവെന്ന ഞെട്ടിക്കുന്ന ഒരു കണ്ടെത്തലും ഈ പുസ്തകത്തിലുണ്ട്. അങ്ങനെയെങ്കിൽ തന്റെ ഗുരുവിനെതിരെ എങ്ങനെയാണ് രഘുവംശി അന്വേഷണം നടത്തുകയെന്ന ന്യായമായ സംശയം ബാക്കിയാവുന്നു.

പാകിസ്താനെ പഴിചാരി കേസിൽ നിന്ന് തടിയൂരിയ കേന്ദ്രസർക്കാറിന് കർക്കരെയുടെ കണ്ടെത്തലുകൾ അലോസരമുണ്ടാക്കിയെന്നാണ് മുസിരിഫ് ചൂണ്ടിക്കാട്ടുന്നത്. അന്വേഷണവുമായി അദ്ദേഹം മുന്നോട്ടു പോവാതിരിക്കാൻ കാരണം കോൺഗ്രസിന്റെ ഇടപെടലുകളാണെന്നും പുസ്തകത്തിൽ സൂചനയുണ്ട്. സംഝോത്ത എക്സ്പ്രസ് സ്ഫോടനം ഹിന്ദുത്വ സംഘടനകൾ ആസൂത്രണം ചെയ്തതാണെന്ന സംശയം കഴിഞ്ഞ ഏതാനും വർഷങ്ങളായി നിലനിൽക്കുന്നുണ്ടെങ്കിലും അക്കാര്യത്തിൽ തെളിവ് ലഭിച്ചിരുന്നു എന്നും സമ്മർദങ്ങൾക്കു വഴങ്ങി കർക്കരെ കേസന്വേഷണം അവസാനിപ്പിക്കുകയാണ് ചെയ്തതെന്നുമാണ് ഇതോടെ വ്യക്തമാകുന്നത്.

മഹാരാഷ്ട്ര കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ബ്രാഹ്മണ ലോബിയാണ് ഈ ആസൂത്രണങ്ങളുടെയെല്ലാം ചുക്കാൻ പിടിക്കുന്നതെന്ന് മുസിരിഫ് പറയുന്നു. ഇതിനെ ആർ.എസ്.എസ് എന്നു വിളിക്കാൻ പക്ഷേ മുസിരിഫും തയാറാവുന്നില്ല. മഹാരാഷ്ട്രയിലെ ബ്രാഹ്മണ വിരോധ പ്രസ്ഥാനത്തിന്റെ തട്ടകമായ കോലാപ്പൂരിൽ ജനിച്ച ഇദ്ദേഹത്തിന്റെ രക്തത്തിൽ അലിഞ്ഞു ചേർന്ന ബ്രാഹ്മണ വിരോധമാണ് പുതിയ പുസ്തകത്തിലുള്ളതെന്ന ആരോപണങ്ങളെ സ്വന്തം ജീവിതാനുഭവങ്ങളുടെ സാക്ഷ്യപത്രം കൊണ്ടാണ് ഇദ്ദേഹം നേരിടുന്നത്. മുസിരിഫിന്റെ മകളെ കല്യാണം കഴിച്ചതും ഒരു ബ്രാഹ്മണനാണ്. എല്ലാ ബ്രാഹ്മണരും ഇത്തരം ദുഷിച്ച മനഃസ്ഥിതിക്കാരല്ലെന്നും കർക്കരെ തന്നെ ബ്രാഹ്മണനായിരുന്നുവെന്നും ഗ്രന്ഥകർത്താവ് ചൂണ്ടിക്കാട്ടുന്നു. ■